# കണ്ണൂർ സർവകലാശാല
## (പരീക്ഷാ വിഭാഗം)

www.kannuruniversity.ac.in

No. EG.I./PR/2020 — കെ. യു എച്ച്. ക്യു, തീയതി: 09.07.2021

<u>പ്രസിദ്ധീകരണത്തിന്</u>

### <u>പരീക്ഷാവിജ്ഞാപനം</u>

**രണ്ടാം** വർഷ വിദൂരവിദ്യാഭ്യാസ **ബിരുദ** (റെഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ് – 2011 അഡ്മിഷൻ മുതൽ) ഏപ്രിൽ 2021 പരീക്ഷകൾക്ക് **16.07.2021** മുതൽ **23.03.2021** വരെ പിഴയില്ലാതെയും **26.07.2021** വരെ പിഴയോട് കൂടെയും അപേക്ഷിക്കാം. അപേക്ഷകളുടെ പകർപ്പും ചലാനും **30.07.2021** നകം സർവകലാശാലയിൽ സമർപ്പിക്കണം. വിശദമായ പരീക്ഷാവിജ്ഞാപനം സർവകലാശാല വെബ്സൈറ്റിൽ.

### <u>ഹോൾടിക്കറ്റ്</u>

**14.07.2021** ന് ആരംഭിക്കുന്ന പരീക്ഷകളുടെ ഹോൾടിക്കറ്റ് സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്:

- **രണ്ടാം** വർഷ **അഫ്സൽ ഉൽ ഉലമ പ്രിലിമിനറി** (റെഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്) പരീക്ഷകൾ, ഏപ്രിൽ 2021
- അഫിലിയേറ്റഡ് കോളേജുകളിലെ **നാലാം** സെമസ്റ്റർ **ബിരുദാനന്തര ബിരുദ** (റെഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ് പരീക്ഷകൾ, ഏപ്രിൽ 2021
- സർവകലാശാല പഠനവകുപ്പുകളിലെ **നാലാം** സെമസ്റ്റർ **ബിരുദാനന്തര ബിരുദ** (റെഗുലർ/ സപ്ലിമെന്ററി) പരീക്ഷകൾ, മെയ് 2021

**16.07.2021** ന് ആരംഭിക്കുന്ന **ഒന്നാം** സെമസ്റ്റർ **പി. ജി. ഡി. സി. പി.** റെഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ് (നവംബർ 2020) പരീക്ഷയുടെ ഹോൾടിക്കറ്റ് സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. 2018 ഉം അതിനു മുൻപുമുള്ള അഡ്മിഷൻ വിദ്യാർഥികൾക്ക് പരീക്ഷാകേന്ദ്രത്തിൽ നിന്ന് ഹോൾടിക്കറ്റ് കൈപ്പറ്റാം.

### <u>തീയതി നീട്ടി</u>

**ആറാം** സെമസ്റ്റർ **ബിരുദ** (ഏപ്രിൽ 2021) പരീക്ഷകളുടെ ഇന്റേണൽ മാർക്ക് അപ്ലോഡ് ചെയ്യുന്നതിനുള്ള സമയപരിധി **15.07.2021** വരെ നീട്ടി. പ്രിന്റൌട്ട് **21.07.2021** നകം സർവകലാശാലയിൽ സമർപ്പിക്കണം.

### <u>പരീക്ഷാഫലം</u>

സർവകലാശാല പഠനവകുപ്പുകളിലെ **മൂന്നാം** സെമസ്റ്റർ **എം. എസ് സി. മാത്തമാറ്റിക്സ്/ മോളിക്യുലർ ബയോളജി/ ജിയോഗ്രഫി** (റെഗുലർ/ സപ്ലിമെന്ററി) നവംബർ 2020 പരീക്ഷാഫലം സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും പകർപ്പിനും **26.07.2021** ന് വൈകുന്നേരം 5 മണി വരെ അപേക്ഷിക്കാം

**<u>പ്രൊജക്റ്റ് മൂല്യനിർണയവും പ്രായോഗിക/വാചാ പരീക്ഷകളും</u>**

**ആറാം** സെമസ്റ്റർ **ബി. എസ് സി.** (റെഗുലർ/ സപ്ലിമെന്ററി, ഏപ്രിൽ 2021) പ്രൊജക്റ്റ് മൂല്യനിർണയവും പ്രായോഗിക/വാചാ പരീക്ഷകളും ചുവടെ നൽകിയ തീയതികളിൽ നടക്കും:

- കെമിസ്ട്രി, പോളിമർ കെമിസ്ട്രി, ബയോകെമിസ്ട്രി, കംപ്യൂട്ടർ സയൻസ്, സൈക്കോളജി – **12.07.2021** മുതൽ
- ബോട്ടണി, ബയോടെക്നോളജി, ജിയോളജി, മൈക്രോബയോളജി – **13.07.2021** മുതൽ

ബോട്ടണി, ബയോടെക്നോളജി പ്രോജക്റ്റ് മൂല്യ നിർണയം/ വാചാ പരീക്ഷ ഓൺലൈൻ രീതിയിലാവും. രജിസ്റ്റർ ചെയ്ത വിദ്യാർഥികൾ അതത് കോളജുകളുമായി ബന്ധപ്പെടുക. ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

ഒപ്പ്/–
**അസിസ്റ്റന്റ് രജിസ്ട്രാർ I**
**(പരീക്ഷാ വിഭാഗം)**